**'ഭരണഭാഷ-മാതൃഭാഷ'**

കേരള സർക്കാർ

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് - 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും ഗുണഭോക്താവിന് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ.(സാധാ)നം.8020/2024/ധന    തീയതി,തിരുവനന്തപുരം, 29-10-2024

പരാമർശം : 1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.09.2024 തീയതിയിലെ No.LSGD/PD/26228/2024-DPLA1 നമ്പർ കത്ത്.
2. 29/07/2024 തീയതിയിലെ പെരിന്തൽമണ്ണ സബ്‌ട്രഷറി ഓഫീസറുടെ A4-454-2024 നമ്പറായുള്ള കത്ത്.
3. സ.ഉ.(പി) നം.86/2016/ധന തീയതി. 17.06.2016

**<u>ഉത്തരവ്</u>**

കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ 'പ്രോജക്റ്റ് നം. 93/2024-നെൽകൃഷി വികസനം' എന്ന പദ്ധതിയുടെ ഭാഗമായി വികസന ഫണ്ട് ജനറൽ സെക്ടറിൽ നിന്നും നൽകിയതും എന്നാൽ ഗുണഭോക്താവിന്റെ അക്കൗണ്ട് വിവരങ്ങൾ സാംഖ്യ സോഫ്റ്റ് വെയറിൽ തെറ്റായി രേഖപ്പെടുത്തിയത് കാരണം ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ 33,000/- രൂപ പുനരനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പരാമർശം (2) പ്രകാരം പെരിന്തൽമണ്ണ സബ്‌ട്രഷറി ഓഫീസർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത് (G100704) 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ 'പ്രോജക്റ്റ് നം. 93/2024-നെൽകൃഷി വികസനം' എന്ന പദ്ധതിയുടെ ഭാഗമായി ഗുണഭോക്താവായ ശ്രീ.ഹിഷാമിന് ലഭിക്കേണ്ട തുകയായ 33,000/- രൂപ ഗുണഭോക്താവിന്റെ അക്കൗണ്ട് വിവരങ്ങൾ സാംഖ്യ സോഫ്റ്റ് വെയറിൽ തെറ്റായി

രേഖപ്പെടുത്തിയത് മൂലം ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ 33,000/- രൂപ (മുപ്പത്തിമൂവായിരം രൂപ മാത്രം) '3604-00-200-81-05-35-00-NV എന്ന ശീർഷകത്തിൽ നിന്നും പുനരനുവദിച്ച് ഉത്തരവാകുന്നു. ടി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ ഒരു മാസത്തിനകം നിക്ഷേപിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**

**ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്- II), കേരളം, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ത.സ്വ.ഭ.വ. വകുപ്പ് (റൂറൽ), തിരുവനന്തപുരം
പ്രസിഡന്റ്/ സെക്രട്ടറി കീഴാറ്റൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്
ധനകാര്യ (ബി.ഡബ്ല്യൂ-ജെ / ഡെവലപ്മെന്റ് വിംഗ്/ എസ്.എസ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-2935623)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ